"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് പദ്ധതിയ്ക്കായി കെ.യു.ആർ.ഡി.എഫ്.സി മുഖേന ഹഡ്കോ സംസ്ഥാന വിഹിതമായി അനുവദിച്ച വായ്പയുടെ 2025-26 സാമ്പത്തിക വർഷത്തെ രണ്ടാം ഗഡു ത്രൈമാസ മുതൽ തിരിച്ചടവിന് വേണ്ടിയുള്ള തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2062/2025/LSGD തീയതി,തിരുവനന്തപുരം, 19-08-2025

---

പരാമർശം:-

1 സ.ഉ(കൈ) നം.47/2020/തസ്വഭവ തീയതി 17/03/2020

2. സ.ഉ(കൈ) നം.140/2023/തസ്വഭവ തീയതി 17/01/2023

3. സ.ഉ(സാധാ)നം.1231/2025/തസ്വഭവ തീയതി 20/05/2025

4 കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 05/08/2025 ലെ കെ.യു.ആർ.ഡി.എഫ്.സി/107/2025- എൽ.എം1 നമ്പർ കത്ത്.

5 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 05/08/2025 ലെ എൽ.എം/1267/ഫിൻ/2022 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ലൈഫ് മിഷൻ പദ്ധതിക്കായി ഹഡ്കോയിൽ നിന്നും സംസ്ഥാന വിഹിതമായി പുന:ക്രമീകരിച്ച വായ്പയുടെ മുതൽ തിരിച്ചടവ് ലൈഫ് ശീർഷകത്തിൽ നിന്നും നിർവ്വഹിക്കുന്നതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. സംസ്ഥാന വിഹിതമായി പുന:ക്രമീകരിച്ച 550 കോടി രൂപയുടെ വായ്പയിൽ 217.22 കോടി രൂപ പരാമർശം (2) പ്രകാരം അർബൻ സെക്ടറിന്റെ നഗരസഭാ വിഹിതമായി മാറ്റിയിരുന്നു. അവശേഷിക്കുന്ന 332.78 കോടി രൂപയുടെ 2025-26 സാമ്പത്തിക വർഷത്തെ രണ്ടാം ഗഡു ത്രൈമാസ മുതൽ തിരിച്ചടവിനായി 4,73,56,667 (നാല്പ കോടി എഴുപത്തിമൂന്നു ലക്ഷത്തി അമ്പത്താറായിരത്തി അറുന്നൂറ്റി അറുപത്തേഴ് രൂപ മാത്രം) രൂപ ലൈഫ് മിഷൻ ശീർഷകത്തിൽ (4515-00-102-49 (P)) നിന്നും കെ.യു.ആർ.ഡി.എഫ്.സി യുടെ അക്കൗണ്ടിലേക്ക് അടയ്ക്കുന്നതിനായി കെ.യു.ആർ.ഡി.എഫ്.സി -മാനേജിംഗ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയും പരാമർശം (5) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ

ചെയ്യുകയുമുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ പദ്ധതിക്കായി കേരള അർബൻ ആൻഡ് റൂറൽ ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.യു.ആർ.ഡി.എഫ്.സി) മുഖാന്തിരം ഹഡ്കോയിൽ നിന്നും എടുത്ത വായ്പയുടെ 2025-26 സാമ്പത്തിക വർഷത്തെ രണ്ടാം ഗഡു ത്രൈമാസ തിരിച്ചടവിനായി 4,73,56,667 (നാലു കോടി എഴുപത്തിമൂന്നു ലക്ഷത്തി അമ്പത്താറായിരത്തി അറുനൂറ്റി അറുപത്തേഴ് രൂപ മാത്രം) രൂപ, 4515-00-102-49 (Plan) എന്ന ശീർഷകത്തിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി യുടെ SBI - അക്കൗണ്ടിലേയ്ക്ക് ( അക്കൗണ്ട് നമ്പർ 37920881126 ( Rural Out), IFSCode - SBIN0070033) അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

റീജിയണൽ ചീഫ്, ഹഡ്കോ, സാഫല്യം കോംപ്ലക്സ്, പാളയം

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഡി.ഡി.ഒ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

ധനകാര്യ( വനിത ശിശു) വികസന വകുപ്പ്(WCD-3/115/2025-FIN) പ്രകാരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sheeba. S. C
Date: 19-08-2025 19:59:57

സെക്ഷൻ ഓഫീസർ